DESPATCHED
On 6/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 729(2)/2019**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **12986**/എസ്.ഐ.സി-ജി 6/19)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**Sri.Sekhara A.,
S/o Thirkan(L),
Adruguli House,
Post Edneer, 671541,
Kasargod District.** } **Complaint Petitioner**

**Vs**

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
പ്രഥമാദ്ധ്യാപകൻ,
ജി.എച്ച്.എസ്.എസ്. പാക്കം,
പാക്കം പി.ഒ., കാസറഗോഡ് – 671 316. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12.06.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19.06.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | - |
| അപ്പീലിന് മറുപടി നൽകിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 29.07.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 02.08.2019 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ശേഖര, 29.07.2019ന് സമർപ്പിച്ച പരാതി ഹർജി 02.08.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.729(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 12.06.2019ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) ടി സ്കൂളിൽ 8-ാം ക്ലാസ്സിന് എത്ര ഡിവിഷനുകൾ ഉണ്ടെന്നും

2) ടി സ്കൂളിൽ 9-ാം ക്ലാസ്സിന് എത്ര ഡിവിഷനുകൾ ഉണ്ടെന്നും

3) പ്രസ്തുത സ്കൂളിൽ 10-ാം ക്ലാസ്സിന് എത്ര ഡിവിഷനുകൾ ഉണ്ടെന്നും

4) ഇപ്പോൾ ടി സ്കൂളിൽ എത്ര എച്ച്.എസ്.എ. ഇംഗ്ലീഷ് അധ്യാപകർ ജോലിചെയ്യുന്നുവെന്നും തുടങ്ങി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 19.06.2019ന് മറുപടി നൽകിയതായി കാണുന്നു.

4. എതിർകക്ഷി 26.11.2019ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച ചോദ്യങ്ങൾക്കുള്ള മറുപടി 24.06.2019ന് ടി ഓഫീസിൽ നിന്നും സാധാരണ തപാലിൽ അയച്ചിരുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നുവെന്നും പകർപ്പ് കമ്മീഷന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നുവെന്നുമാണ്.

5. 21.02.2023 തീയതി കമ്മീഷൻ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി നടത്തിയ ഹീയറിംഗിൽ പരാതി ഹർജിക്കാരൻ ഹാജരായില്ല. എതിർകക്ഷി ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാന് മറുപടി ലഭ്യമാക്കിയില്ലെന്നാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്ന പരാതി. മൊഴിയും അനുബന്ധ രേഖകളും റിപ്പോർട്ടും പരിശോധിച്ചതിൽ, ഹർജിക്കാരന് ലഭ്യമായ വിവരങ്ങൾ നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. എന്നാൽ മറുപടി നൽകിയതായുള്ള വിവരം രേഖപ്പെടുത്തിയ ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് കമ്മീഷനിലേയ്ക്ക് അയച്ചു നൽകണമെന്ന് കമ്മീഷൻ എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

7. മേൽ നിർദ്ദേശപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

Sd/-

**കമ്മീഷൻ സെക്രട്ടറി**
Ge/